**ഇന്ത്യയും അർമേനിയയും രാഷ്ട്രീയ - സാമ്പത്തികകാര്യ ചർച്ചകള് നടത്തി**

ഇന്ത്യയും അർമേനിയയും ഏഴാം വട്ട വിദേശകാര്യാലയ ചർച്ചകള് നടത്തി. സെപ്തംബർ 25 - 26 തീയതികളിലായി ന്യൂഡെൽഹിയില് നടന്ന ഇന്റര് ഗവൺമെന്റല് കമ്മീഷന്റെ ( Inter-Governmental Commission (IGC) ആറാമത് യോഗത്തോടു അനുബന്ധിച്ചായിരുന്നു ഇത് .

സെപ്തംബർ 25നു നടന്ന വിദേശകാര്യാലയതല ചർച്ചകള് വളരെ ദൂരവ്യാപകമായ രീതിയിൽ അർമേനിയയുടെ ഉപ വിദേശകാര്യ വകുപ്പ് മന്ത്രി ആദരണീയനായ സെർഗേയ് ഡി മനസ്സാരിയാനും (H.E. Mr. Sergey D. Manassarian,) വിദേശകാര്യ മന്ത്രാലയ സെക്രട്ടറി (കിഴക്ക് ) ശ്രീ അശോക് കെ. കാന്തയും തമ്മിൽ നടത്തി. ഉഭയകക്ഷി ബന്ധങ്ങൾ അതിന്റെ പൂർണ്ണവ്യാപ്തിയില് തന്നെ ഇരു വിഭാഗവും അവലോകനം ചെയ്തു. മേഖലാ , അന്താരാഷ്ട്ര വിഷയങ്ങളും അവർ ചർച്ച ചെയ്യുകയും നിലവിലുള്ള അന്താരാഷ്ട്ര സ്ഥിതിവിശേഷത്തെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്ക് വയ്ക്കുകയും ചെയ്തു . അന്താരാഷ്ട്ര ചർച്ചാവേദികളില് ഇരു രാജ്യങ്ങളും തമ്മിലുള്ള വളരെ അടുത്ത സഹകരണത്തിൽ അവർ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു.

ഇന്ത്യാ അർമേനിയ ഇന്റര് ഗവൺമെന്റല് കമ്മീഷന്റെ ( Inter-Governmental Commission (IGC) ആറാമത് യോഗവും സെപ്തംബർ 25-26 തീയതികളിൽ ന്യൂഡെൽഹിയില് നടന്നു. വ്യാപാരം ,

സാമ്പത്തികം , ശാസ്ത്ര സാങ്കേതികവിദ്യ , സാംസ്ക്കാരിക, വിദ്യാഭ്യാസ സഹകരണം എന്നീ വിഷയങ്ങളെക്കുറിച്ചായിരുന്നു യോഗം . വിവര സാങ്കേതിക വിദ്യ , ശാസ്ത്ര സാങ്കേതികവിദ്യ , ആരോഗ്യം , വികസന സഹകരണം , വിനോദസഞ്ചാരം , വ്യോമയാനം , സംസ്ക്കാരം തുടങ്ങി ഇപ്പോൾ നിലവിൽ സഹകരണമുള്ള വിവിധ മേഖലകളെക്കുറിച്ചുള്ള അവലോകനവും ചർച്ചയില് ഉൾപ്പെടുത്തിയിരുന്നു . വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ടിട്ടുള്ള നിർദേശങ്ങള് നടപ്പാക്കുന്നതിന് വേണ്ടി ഉഭയകക്ഷി ശ്രമങ്ങൾ തീവ്രമാക്കുവാന് ഇരു വിഭാഗങ്ങളും തീരുമാനിച്ചു . ഇപ്പോൾ ചർച്ചചെയ്യപ്പെട്ടിട്ടുള്ള ഉഭയകക്ഷി കരാറുകൾ അംഗീകരിക്കുന്നത് ത്വരിതപ്പെടുത്താനും അവര് തീരുമാനിച്ചു. രണ്ടു യോഗങ്ങളിലും ആധ്യക്ഷ പദം പങ്ക് വച്ച ശ്രീ സെർഗേയ് ഡി മനസ്സാരിനും ശ്രീ അശോക് കെ കാന്തയും ഐജിസി സഭായോഗത്തിന്റെ തീരുമാനങ്ങളുടെ ഔദ്യോഗികരേഖകളിൽ ഒപ്പ് വച്ചു.

.

**ന്യൂ ഡെൽഹി**

**26 സെപ്തംബര് 2013**